## 720

മഹിമയെഴും പരമേശാ! പാഹിമാം യേശുമഹേശാ!

1 നിസ്തുല സ്നേഹ സാഗരമേ, ഹാ
പ്രസ്താവ്യമേ തിരുനാമം ക്രിസ്തോ നീ താനെൻ വിശ്രാമം-

2 കാർമുകിൽ ഭീകരമായ് വരുന്നേരം
കാണ്മതോ നിയമത്തിൻ വില്ലാ-ണായതിൽ തീരുമെൻ ഭാരം-

3 നിൻ മുഖകാന്തിയെൻ മ്ളാനത നീക്കും
നിൻ മധുരാമൃതവചനം ഖിന്നതയാകവേ പോക്കും-

4 സംഗതിയില്ലിളകീടുവാൻ സ്നേഹ-
ച്ചങ്ങലയാൽ തിരുമാർവ്വോടെന്നെയിണച്ചതു മൂലം-

5 താവക സന്നിധി ചേർന്നതികാലേ
ജീവനിൽ നിറഞ്ഞെഴുന്നേൽക്കും പാവന ചിന്തകളാലെ- **E.I.J.**